**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1822** **04-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ അസാപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദവിവരം ലഭ്യമാക്കാമോ? | (എ) | അസാപ് കേരളയുടെ Open Sesame, Tally Comprehensive, General Fitness Trainer, Certificate In Beauty Therapy എന്നീ കോഴ്സുകളിലായി 2025-26 അധ്യയന വർഷത്തിൽ 70 വിദ്യാർത്ഥികൾ പങ്കെടുത്തു വരുന്നു. മുൻവർഷങ്ങളിൽ (2023-24, 2024-25) 640 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തു.<br><br>കൂടാതെ വുമൺ ആന്റ് ചൈൽഡ് വെൽഫെയർ ഡിപ്പാർട്മെന്റിന്റെ (Department of Women and Child Welfare) സഹകരണത്തോടെ BBBP പദ്ധതിയിൽ Diploma in Beauty Therapy, Certificate in Tally Prime, Certificate in Web Designing കോഴ്സുകൾ 36 വനിതകൾക്കായി നടത്തിവരുന്നു.<br><br>അസാപ് കേരളയുടെ ilike സ്കീം വഴി വിവിധ കോഴ്സുകളിലായി 39 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കി.<br><br>കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ PMKVY ആസ്പദമാക്കി Fitness Trainer, Assistant Yoga Instructor, Trainee Hair dressing, Office Assistant, Graphics Designer, Office Operation Executive, Mobile phone Hardware Repair Technician എന്നീ കോഴ്സുകളിലേക്കു 313 വിദ്യാർത്ഥികൾ 2023-24, 2024-25 അധ്യയന വർഷങ്ങളിൽ ചേർന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 206 കുട്ടികൾക്കും സർട്ടിഫിക്കറ്റും തൊഴിൽ പിന്തുണയും ലഭ്യമാക്കി.<br><br>കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 3431 വിദ്യാർത്ഥികൾ വർക്ക് റെഡിനെസ്സ് പ്രോഗ്രാം (Work |

| | | | |
|---|---|---|---|
| | | | Readiness Programme) പൂർത്തീകരിച്ചു. 370 ഓളം വിദ്യാർത്ഥികൾക്കായി വിവിധ മേഖലകളിലായി (Robotics, Financial literacy, Digital Literacy) വർക് ഷോപ്പുകൾ സംഘടിപ്പിച്ചു.<br><br>ഇതര പഠ്യേതര വിഷയങ്ങളായ സീ സേഫ്റ്റി, അബാക്കസ്, കരാട്ടെ എന്നിവയിൽ 125 വിദ്യാർത്ഥികൾ പരിശീലനം നേടി.<br><br>വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലമായി മാസത്തിൽ ഒരു ശനിയാഴ്ച നടത്തിവരുന്ന തൊഴിൽ മേളകളിൽ 700 ഓളം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു |

സെക്ഷൻ ഓഫീസർ